4984
24/3/21

**കേരള സർക്കാർ**
**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**
**<u>പരിപത്രം</u>**

**നം.27/2021/ധന**

**തീയതി, തിരുവനന്തപുരം,19.03.2021**

വിഷയം :- പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ വിരമിച്ച സ്റ്റേറ്റ് സർവീസ് / എക്സ്-ഗ്രേഷ്യ / പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ പരിഷ്കരണ ഉത്തരവുകൾ നടപ്പാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന :- 1) 12/02/2021 തീയതിയിലെ സ.ഉ [അച്ചടി] നം 30/2021/ധന
2) 23/02/2021 തീയതിയിലെ സ.ഉ [അച്ചടി] നം 35/2021/ധന

പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ വിരമിച്ച സ്റ്റേറ്റ് സർവീസ് / എക്സ്-ഗ്രേഷ്യ / പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം സൂചന 1, 2-ലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചു. പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായി പെൻഷൻകാർ ട്രഷറിയിൽ സമർപ്പിക്കേണ്ട അപേക്ഷയുടെ മാതൃക സൂചന ഉത്തരവ് ഒന്നിന്റെ അനുബന്ധമായി നല്കിയിരുന്നു. സംസ്ഥാനത്ത് ഇപ്പോഴും നിലനില്ക്കുന്ന കോവിഡ് 19 മഹാമാരിയുടെ വ്യാപനം കണക്കിലെടുത്ത് ഇത്തരത്തിൽ പെൻഷൻ പരിഷ്കരണ അപേക്ഷകൾ സമർപ്പിക്കുന്നത് ഒഴിവാക്കണം എന്ന് പല പെൻഷൻ സംഘടനകളും സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും സംസ്ഥാനത്ത് നിലനിൽക്കുന്ന കോവിഡ് 19 മാഹാമാരിയുടെ വ്യാപനം കണക്കിലെടുത്തും 01/04/2021 മുതൽ പുതുക്കിയ നിരക്കിലുള്ള പെൻഷൻ വിതരണം ചെയ്യണം എന്ന നിബന്ധന കണക്കിലെടുത്തും 01/07/2019 പ്രാബല്യത്തിൽ പെൻഷൻ പരിഷ്കരിക്കുന്നതിനായി താഴെപറയുന്ന നടപടിക്രമങ്ങൾ പുറപ്പെടുവിക്കുന്നു.

## (i) 01/07/2019-ന് മുൻപ് വിരമിച്ച ജീവനക്കാർ

a) പെൻഷൻകാരിൽ നിന്നും പ്രത്യേകമായി അപേക്ഷകൾ സ്വീകരിക്കാതെ തന്നെ നിലവിൽ ലഭ്യമായ അടിസ്ഥാന പെൻഷൻ തുകയെ 1.38 ഇരട്ടിയാക്കി നിജപ്പെടുത്തി, പെൻഷൻ പരിഷ്കരിച്ച് വിതരണം ചെയ്യേണ്ടതും, കുടിശ്ശികയുടെ ആദ്യ ഗഡു ഏപ്രിൽ

മാസത്തിലും, രണ്ടാമത്തെ ഗഡു മെയ് മാസത്തിലും, മൂന്നാമത്തെ ഗഡു ഓഗസ്റ്റ്
മാസത്തിലും, നാലാമത്തെ ഗഡു നവംബർ മാസത്തിലും വിതരണം ചെയ്യേണ്ടതുമാണ്.

b) 30/06/2021-ന് മുൻപായി തന്നെ അധികമായി ലഭിച്ച തുക തിരിച്ചടയ്ക്കാമെന്നുള്ള സത്യവാങ്മൂലം ഫിസിക്കലായോ ഓൺലൈനായോ എല്ലാ പെൻഷൻകാരും ബന്ധപെട്ട ട്രഷറിയിൽ സമർപ്പിക്കേണ്ടതാണ്. ഫിസിക്കലായി സമർപ്പികേണ്ട സത്യവാങ് മൂലത്തിന്റെ മാതൃക അനുബന്ധത്തിൽ ഉൾകൊള്ളിച്ചിരിക്കുന്നു. ഓൺലൈനായി സത്യവാങ്മൂലം സമർപ്പിക്കുന്നതിനുള്ള സൗകര്യം പ്രിസം വെബ്സൈറ്റിൽ [www.prism.kerala.gov.in] മാർച്ച് 30-ന് അകം ഉൾപെടുത്തുന്നതാണ്. മണി ഓർഡർ മുഖേനയോ നേരിട്ട് ട്രഷറിയിൽ നിന്നോ പെൻഷൻ കൈപറ്റുന്നവർ ഫിസിക്കലായി സത്യവാങ് മൂലം സമർപ്പിക്കുന്ന പക്ഷം ബന്ധപെട്ട മാതൃ ട്രഷറിയിലാണ് നൽകേണ്ടത്. ബാങ്ക് മുഖേന പെൻഷൻ കൈപറ്റുന്നവർ ഫിസിക്കലായി സത്യവാങ്മൂലം സമർപ്പിക്കുന്ന പക്ഷം പെൻഷൻ ലഭിക്കുന്ന ബാങ്കിന്റെ ഏറ്റവും അടുത്തുള്ള ട്രഷറിയിലാണ് നൽകേണ്ടത്.

c) ഇത്തരത്തിൽ 30/06/2021-ന് മുൻപ് സത്യവാങ് മൂലം സമർപ്പിക്കാത്ത പെൻഷൻകാരുടെ മൂന്നാമത് ഗഡു മുതലുള്ള കുടിശ്ശിക വിതരണം താത്കാലികമായി ട്രഷറി നിർത്തി വയ്ക്കേണ്ടതാണ്. സത്യവാങ് മൂലം സമർപ്പിക്കാത്ത പക്ഷം അതാത് മാസത്തെ പെൻഷൻ വിതരണം തടയേണ്ടതില്ല. പിന്നീട് സത്യവാങ് മൂലം സമർപ്പിക്കുന്ന പക്ഷം കുടിശ്ശികയുടെ ബാക്കി ഗഡുക്കൾ അനുവദിക്കേണ്ടതാണ്.

d) പെൻഷൻ പരിഷ്കരണത്തിനോടനുബന്ധിച്ച് One Rank One Pension [OROP] ആനുകൂല്യം ലഭിക്കാത്ത പെൻഷൻകാർ ഫിസിക്കലായോ ഓൺലൈനായോ ചുവടെ പറയുന്ന രേഖകൾ ട്രഷറിയിൽ സമർപ്പിച്ച് പരിഹാരം തേടേണ്ടതാണ്. ഓൺലൈനായി രേഖകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യം പ്രിസം വെബ്സൈറ്റിൽ [www.prism.kerala.gov.in] മാർച്ച് 30-നകം ഉൾപെടുത്തുന്നതാണ്.

(i) Date of Retirement
(ii) Designation at the time of Retirement
(iii) Scale of pay at the time of Retirement
(iv) Corresponding Revised Scale of the Post as per Pay revision Order
(v) Copies of the revised pension statement issued by Treasury in connection with 8th, 9th and 10th Pay Revision Commission [which ever is applicable]
(vi) If the post held by the pensioner at the time of retirement/death while in service is no longer in existence then revised scale of pay fixed over successive pay revisions as per Schedule I of G.O.(P) No. 30/2021/Fin. Dated 12/02/2021
(vii) No. of years of Qualifying Service
(viii) Basic Pension as on 30/06/2019

e) 80 വയസ് കഴിഞ്ഞ പെൻഷൻകാർക്ക് അവരുടെ ജനനതീയതി ട്രഷറി രേഖകളിൽ ഉള്ളപക്ഷം "സ്പെഷ്യൽ കെയർ അലവൻസ്" ലഭിക്കുന്നതാണ്. ജനനതീയതി ട്രഷറി രേഖകളിൽ ഇല്ലാത്തവർ ചുവടെ പരാമർശിച്ചിരിക്കുന്ന രേഖകളിൽ ഒന്ന് മാത്രം ട്രഷറിയിൽ സമർപ്പിച്ച് 80 വയസ്സ് പൂർത്തിയായി എന്ന് തെളിയിച്ചാൽ സ്പെഷ്യൽ കെയർ അലവൻസ് ലഭിക്കുന്നതാണ്. ജനനതീയതി തെളിയിക്കാനായി സമർപ്പിക്കുന്ന രേഖയിൽ പൂർണമായ ജനന തീയതി (dd-mm-yyyy) ഉണ്ടെന്നും, പ്രസ്തുത രേഖയുടെ ആധികാരികതയും ട്രഷറി ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്. ജനനതീയതി തെളിയിക്കുന്ന രേഖ ഇല്ലാത്തവർ, രേഖയുടെ ആധികാരികത ഉറപ്പ് വരുത്താൻ സാധിക്കാത്തവർ, എന്നിവർ ട്രഷറി ഓഫീസർ മുഖേന സർക്കാരിലേക്ക് അപേക്ഷ ലഭ്യമാക്കേണ്ടതാണ്.

(i) Birth Certificate
(ii) School / College leaving certificate
(iii) Passport
(iv) Driving Licence
(v) Aadhar Card.
(vi) PAN Card.
(vii) S.S.L.C/Matriculation certificate
(viii) Voter photo ID issued by Election Commission of India
(ix) Abstract of admission register

f) "സ്പെഷ്യൽ കെയർ അലവൻസ്" ഒരു പെൻഷനർക്ക് ലഭിക്കുന്ന ആനുകൂല്യമാണ്. ആയതിനാൽ തന്നെ ഒന്നോ അതിലധികമോ പെൻഷൻ ലഭിക്കുന്ന പെൻഷൻകാർക്ക് ഒരു സ്പെഷ്യൽ കെയർ അലവൻസ് മാത്രമേ അനുവദിക്കേണ്ടതുള്ളു.

g) മേൽപ്രകാരമുള്ള പെൻഷൻ പരിഷ്കരണത്തിൽ പരാതി ഉണ്ടെങ്കിൽ പെൻഷൻകാർ ആയത് 30/08/2021-ന് മുൻപ് ട്രഷറികളിൽ സമർപ്പിച്ച് പരിഹാരം തേടേണ്ടതാണ്.

### (ii) 01/07/2019-ന് ശേഷം വിരമിച്ച ജീവനക്കാർ

a) 01/07/2019-ന് ശേഷം വിരമിച്ച ഉദ്യോഗസ്ഥരുടെ ശമ്പളവും, അതിനോടനുബന്ധിച്ച് പെൻഷനും പരിഷ്കരിക്കുമ്പോൾ ലഭിക്കുന്ന തുക ടിയാൻ നിലവിൽ വാങ്ങിച്ചു കൊണ്ടിരിക്കുന്ന മൊത്തം പെൻഷനെക്കാൾ [അടിസ്ഥാന പെൻഷൻ + 28% ക്ഷാമാശ്വാസം] കുറവാണെങ്കിൽ ഇങ്ങനെ കുറവ് വരുന്ന തുക തിരികെ ഈടാക്കേണ്ടതില്ല. ആയത് പേഴ്സണൽ അലവൻസായി സംരക്ഷിച്ച് നല്കുകയും, ടി പേഴ്സണൽ അലവൻസിന് ക്ഷാമാശ്വാസം അനുവദിക്കാവുന്നതാണ്.

b) 30/06/2019-ന് ശേഷം വിരമിച്ച നോൺ ഗസറ്റഡ് ജീവനക്കാരുടെ പട്ടിക അതാത് ഓഫീസ് മേധാവി തയ്യാറാക്കേണ്ടതും SPARK സോഫ്റ്റ്‌വെയർ മുഖേന ശമ്പളം

പരിഷ്കരിച്ചതിനുശേഷം ആ ഓഫീസ് മേധാവി ജീവനക്കാരന്റെ പരിഷ്കരിച്ച ശമ്പളത്തെപ്പറ്റിയുള്ള വിവരങ്ങൾ PRISM സോഫ്റ്റ്വെയറിൽ ലഭ്യമായ ലിങ്ക് വഴി വിരമിച്ച ജീവനക്കാരന്റെ സ്വീകർത്താധികാരിക്ക് [Receiving Authority] നൽകേണ്ടതാണ്. സ്വീകർത്താധികാരി [Receiving Authority] അതാത് ജീവനക്കാരന്റെ സേവന പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച ശമ്പളത്തെപ്പറ്റിയുള്ള വിവരങ്ങൾ പരിശോധിച്ച് സ്ഥിതീകരിച്ചതിനു ശേഷം പെൻഷൻ അനുവദിക്കുന്ന അധികാരിക്ക് [Pension Sanctioning Authority - PSA] കൈമാറേണ്ടതുമാണ്. ശമ്പളം പുതുക്കി നിശ്ചയിക്കുന്നതിന്റെ ഭാഗമായി പെൻഷനിലുണ്ടാകുന്ന വ്യതിയാനം, പെൻഷൻ അനുവദിക്കുന്ന അധികാരി [Pension Sanctioning Authority] കണക്ക് കൂട്ടേണ്ടതും അതാത് പെൻഷണറുടെ പ്രൊഫൈലിൽ നിന്നും പുതുക്കിയ പെൻഷനും മറ്റ് വിരമിക്കൽ ആനുകൂല്യങ്ങളും സാങ്ഷൻ ചെയ്ത് AG-ക്ക് നൽകേണ്ടതുമാണ്. പുതുക്കിയ പെൻഷൻ ആതറൈസേഷൻ അക്കൗണ്ടന്റ് ജനറൽ പെൻഷനർക്കും ട്രഷറിക്കും അയച്ചു കൊടുക്കേണ്ടതാണ്.

c) 30/06/2019-ന് ശേഷം വിരമിച്ച ഗസറ്റഡ് ജീവനക്കാരുടെ വിഷയത്തിൽ ടിയാളുകളുടെ പുതുക്കിയ ശമ്പളത്തിൻറെ അടിസ്ഥാനത്തിൽ അക്കൗണ്ടന്റ് ജനറൽ പെൻഷൻ പുനർനിർണയിച്ച് ആതറൈസ് ചെയ്യേണ്ടതാണ്.
d) 31/03/2021-നകം വിരമിക്കുന്ന ജീവനക്കാർ തങ്ങളുടെ പ്രീ-റിവൈസ്ഡ് സ്കെയിലിൽ [Pre-Revised Scale] ഉള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള അപേക്ഷയാണ് PRISM സോഫ്റ്റ് വെയർ മുഖേന സമർപ്പിക്കേണ്ടത്. ഇവരുടെ കുടിശ്ശിക 23/02/2021 തിയതിയിലെ സ.ഉ [അച്ചടി] നം 35/2021/ധന എന്ന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമായിരിക്കും വിതരണം ചെയ്യുക .
e) 01/07/2019 -നും 31/03/2021-നും ഇടയിൽ വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ പ്രീ-റിവൈസ്ഡ് സ്കെയിലിലും, റിവൈസ്ഡ് സ്കെയിലിലും അക്കൗണ്ടന്റ് ജനറൽ ആതറൈസ് ചെയ്ത് നല്കേണ്ടതാണ്.

## (iii) മറ്റ് നിർദ്ദേശങ്ങൾ

(a) പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായി വാങ്ങി കൊണ്ടിരിക്കുന്ന പെൻഷനിൽ കുറവുവരുന്ന പക്ഷം ടി തുക പേഴ്സണൽ അലവൻസായി അനുവദിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട ട്രഷറി ഓഫീസർ പരിശോധിച്ച് ശിപാർശയോടെ അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കേണ്ടതാണ്.

(b) പെൻഷൻ പരിഷ്കരണത്തിനായി സേവനപുസ്തകം ലഭ്യമാക്കേണ്ടതില്ല. പകരം 01/07/2019 ന് ശേഷം വിരമിച്ച ജീവനക്കാരുടെ സേവന വിവരങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്ന മാതൃകയിൽ അതത് വകുപ്പിലെ ബന്ധപെട്ട ഉദ്യോഗസ്ഥർ പൂരിപ്പിക്കേണ്ടതും ടി വകുപ്പിലെ Head Of Office [HOO]/ Receiving Authority [RA]/ Pension Sanctioning Authority [PSA] സേവന പുസ്തകം പരിശോധിച്ച് ടി വിവരങ്ങൾ കൃത്യമാണ് എന്ന് സാക്ഷ്യപെടുത്തിയതിനു ശേഷം ആയതിന്റെ പകർപ്പ് PDF ഫോർമാറ്റിൽ പ്രിസം വെബ്സൈറ്റിൽ അപ്പ് ലോഡ് ചെയ്യേണ്ടതാണ്.

## PROFORMA

1. Name of the Pensioner :
2. Designation :
3. Date of Retirement :
4. PEN No :
5. PPO No :
6. Basic Pay as on 01/07/2014 :
7. Record of each event of pay change during the period from 01/07/2014 to 30/06/2019 e.g Sanction of Increment, Fixation of promotion, Change in scale of pay, punishment affecting the pay or service such as increment bar etc

| Sl. No. | Date [DD/MM/YYYY] | Nature of event | Change in Basic Pay | Change in Scale of Pay [if applicable] |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |

8. Details of revision of pay and payment of arrears of pay to incumbent consequent on pay revision 2019.
9. Details of any Vigilance / Disciplinary proceedings pending
10. Details of non-qualifying service for the period from 01/07/2014 to 30/06/2019 that does not qualify for pensionary benefits

| SL No. | Time period | Reason for disqualification |
|---|---|---|
| | | |

I here by certify that above details has been verified with Service Book and found correct.

Place:
Date:

Signature, Name, Official Address and PEN of Head Of Office/ Receiving Authority/Pension Sanctioning Authority

ടിങ്കി.എസ്.നെൽസൺ
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പകർപ്പ് :

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ [എ & ഇ] കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരളം, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ ട്രഷറികൾ, സബ് ട്രഷറികൾ

സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റർ, പ്രിസം [info.fin@kerala.gov.in]

നോഡൽ ഓഫീസർ, www.finance.kerala.gov.in

ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ [PEN-B1/27/2020-FIN (e -1649874)]

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

## സത്യവാങ്മൂലം

12/02/2021 തീയതിയിലെ സ.ഉ(അച്ചടി) നം.30/2021/ധന, 23/02/2021 തീയതിയിലെ സ.ഉ (അച്ചടി) നം.35/2021/ധന എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി എന്റെ പെൻഷനോ മറ്റ് വിരമിക്കൽ ആനുകൂല്യങ്ങളോ പരിഷ്കരിക്കുകയും ആയത് ഭാവിയിൽ കണ്ടെത്തുന്ന പക്ഷം എനിക്ക് അധികമായി ലഭിച്ച തുക എന്റെ പെൻഷൻ കുടിശ്ശികയിൽ നിന്നോ, ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ ക്ഷാമാശ്വാസത്തിൽ നിന്നോ അല്ലെങ്കിൽ പെൻഷനിൽ നിന്നു തന്നെയോ ഈടാക്കാവുന്നതാണെന്ന് ഞാൻ ഇതിനാൽ സമ്മതിച്ചു കൊള്ളുന്നു.

പെൻഷന്റെ സ്വഭാവം : സർവ്വീസ് പെൻഷൻ/കുടുംബ പെൻഷൻ/ പാർട്ട് ടൈം പെൻഷൻ/പാർട്ട് ടൈം കുടുംബ പെൻഷൻ/എക്സ്ഗ്രേഷ്യ പെൻഷൻ/ എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ

മാതൃ ട്രഷറി (ജില്ല) :

ഒപ്പ് :

പെൻഷണറുടെ/കുടുംബ പെൻഷണറുടെ പേര് :

പി.പി.ഒ നമ്പർ :

പൂർണ്ണമായ വിലാസം (പിൻകോഡ് & മൊബൈൽ നം. സഹിതം)

സ്ഥലം :

തീയതി :